# സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
# വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

**നമ്പർ 143/2023**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളി കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,
യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവസ്നേഹത്തിന്റെ ചാലകശക്തിയായി ലോകത്ത് സാക്ഷ്യം വഹിക്കുന്നതിന്റെ ആവിഷ്കാരമാണല്ലോ മലങ്കര ഓർത്തഡോക്സ് സഭ നടത്തുന്ന വിവിധങ്ങളായ മിഷനറി പ്രവർത്തനങ്ങൾ. കുഷ്ഠ രോഗികൾ, എയിഡ്സ് രോഗികൾ, അനാഥർ, ആലംബഹീനർ, പാർശ്വവത്കരിക്കപ്പെട്ടവർ എന്നിവർക്കായി കർണ്ണാടക യിലെ കുണിഗൽ, ജാലഹള്ളി, മക്കോഡിയ, ഭിലായ്, ഇറ്റാർസി, കലഹണ്ടി, പൂനെ-ദേഹു റോഡ്, യാച്ചാരം, നെയ്യാറ്റിൻകര എന്നിങ്ങനെ കേരളത്തിനു പുറത്തും കേരളത്തിലുമായി വിവിധ സ്ഥാപനങ്ങൾ അനുഗ്രഹകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അർപ്പണബോധമുള്ള യുവതീ യുവാക്കൾ മുന്നോട്ടുവന്നെങ്കിൽ മാത്രമേ സഭയുടെ മിഷൻ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അപ്രകാരമുള്ളവരെ കണ്ടെത്തുവാനും പ്രോത്സാഹി പ്പിക്കുവാനും സഭാമക്കൾക്കു കഴിയണം. സഭയുടെ സകല ഇടവകകളിലും സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുകയും ബാഹ്യവും ആഭ്യന്തരവുമായ സുവിശേഷപ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കുകയും ചെയ്യണം. മിഷൻസൺഡേ കവർപിരിവിനത്തിൽ കഴിഞ്ഞവർഷം ലഭിച്ചത് 98,07,871.20 രൂപയാണ്. മുൻവർഷത്തെക്കാൾ 19,80,801.66 രൂപ കൂടുതലാണ് ലഭിച്ചതെങ്കിലും മിഷൻ രംഗത്തെ വർദ്ധിച്ചുവരുന്ന ചെലവുകൾക്ക് ഈ തുക അപര്യാപ്തമാണ്.

ഈ വർഷം ജൂലൈ മാസം 9-ാം തീയതി ഞായറാഴ്ച മിഷൻസൺഡേ ആയി പ. സഭ ആചരിക്കുകയാണ്. അന്നേ ദിവസം സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രവർത്തകർക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുകയും മിഷൻസൺഡേ കവർ പിരിവ് പരമാവധി വിജയിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യണം. പ്രിയ വൈദികർ ഇക്കാര്യ ത്തിൽ പ്രത്യേകം താത്പര്യം കാണിക്കണം. കഴിഞ്ഞവർഷം പകുതിയോളം ഇടവകകൾ പോലും മിഷൻസൺഡേ കവർ പിരിവിൽ സഹകരിച്ചിട്ടില്ല എന്ന് മനസ്സിലാക്കുന്നു. പിരിവ് നടത്തിയതിനുശേഷം സത്യസന്ധ്യമായി അയച്ചുകൊ ടുക്കാതിരിക്കുന്ന പ്രവണത ദൈവസന്നിധിയിൽ കുറ്റകരമാണ് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. മിഷൻസൺഡേ പിരിവ് ഇടവകയുടെ വരുമാനത്തോടു ചേർക്കുവാൻ അനുവാദമില്ലാത്തതാകുന്നു. മിഷൻസൺഡേ കവർപിരിവും, മിഷൻസൺഡേ ദിനത്തിലെ കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത് മിഷൻബോർഡ് പ്രസിഡന്റ് അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പേരിൽ സെന്റ്പോൾസ് മിഷൻ സെന്റർ, തട്ടാരമ്പലം പി.ഒ.-690103, മാവേലിക്കര എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം. അല്ലാത്തപക്ഷം Malankara Orthodox Syrian Church Mission Society Account No. 0180037418101900001, IFSC Code CSBK 0000180, CSB Mavelikara Branch എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. തുക ട്രാൻസ്ഫർ ചെയ്യുന്നപക്ഷം മിഷൻ ഓഫീസിൽ **(ഫോൺ: 0479 2302473, 9947399066)**അറിയിക്കേണ്ടതാണ്. വിദേശത്തുനിന്നും ചെക്കുകൾ അയയ്ക്കു മ്പോൾ Malankara Orthodox Syrian Church Mission Society എന്നുതന്നെ ചെക്കിൽ എഴുതി അയയ്ക്കുകയും, അയയ്ക്കുന്നത് വ്യക്തികളാണെങ്കിൽ അവരുടെ പാസ്പോർട്ടിന്റെ കോപ്പി, പള്ളികളോ, സംഘടനകളോ ആണെങ്കിൽ അതാത് പള്ളിയോ, സംഘടനയോ രജിസ്റ്റർ ചെയ്തിരിക്കുന്ന രജിസ്ട്രേഷൻ കോപ്പി (സൊസൈറ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കോപ്പി) എന്നിവ ചെക്കിനോടൊപ്പം അയയ്ക്കേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്ക ട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസി ന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 മെയ് മാസം 23-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.